സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങൾ നിയമസഭാസാമാജികരെ യഥാസമയം അറിയിക്കാൻ സംവിധാനം

10 (7566) ശ്രീ. എസ്.. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എമാർ മുഖേന വിവിധ വകുപ്പുതല ഉദ്യോഗസ്ഥർക്ക് നൽകുന്ന അപേക്ഷകളിൽ സ്വീകരിച്ച നടപടി, മണ്ഡലത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ, അവ സംബന്ധിച്ച സർക്കാർ ഉത്തരവുകൾ എന്നിവ അതത് എം.എൽ.എമാരെ യഥാസമയം അറിയിക്കുന്നതിന് നിലവിൽ സംവിധാനമുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) എം.പി./എം.എൽ.എ. മാരിൽനിന്നും ലഭിക്കുന്ന നിവേദനങ്ങൾ/കത്തുകൾ എന്നിവയ്ക്ക് മുന്തിയ പരിഗണന നൽകേണ്ടതും ഇത്തരം കത്തുകൾ ലഭിച്ചതായുള്ള വിവരം കാണിച്ച് താൽക്കാലിക മറുപടിയും തീരുമാനമെടുത്തശേഷം അക്കാര്യം വിശദമാക്കിക്കൊണ്ട് അന്തിമ മറുപടിയും ജനപ്രതിനിധികൾക്ക് നൽകേണ്ടതാണ് എന്ന് 26-6-2013-ലെ സർക്കുലർ നമ്പർ 11743/ഉപ.സി.3/13/ഉഭപവ പ്രകാരം സർക്കാർ എല്ലാ വകുപ്പുമേധാവികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുകൂടാതെ വിവിധ നിയോജകമണ്ഡലങ്ങളിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെയും നിർമ്മാണ പ്രവർത്തനങ്ങളുടെയും നിജസ്ഥിതി സ്ഥലം എം.എൽ.എ.-മാരെ സമയബന്ധിതമായി അറിയിക്കണമെന്നും വിവിധ പ്രോജക്ടുകൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകിക്കൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ പകർപ്പ് ബന്ധപ്പെട്ട എം.എൽ.എ-മാർക്ക് കൂടി നൽകണമെന്നും നിർദ്ദേശിച്ച് സർക്കാർ സർക്കുലറുകളും ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്.

മന്ത്രിമാരുടെ വിദേശയാത്രകൾ

11 (T 7567) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽവന്ന് നാളിതുവരെ മുഖ്യമന്ത്രിയും മന്ത്രിമാരും നടത്തിയ വിദേശയാത്രയിൽ ഔദ്യോഗികാവശ്യാർത്ഥം ആരൊക്കെ എത്ര തവണ വീതം ഏതൊക്കെ രാജ്യങ്ങളിൽ പോയെന്നും വ്യക്തിപരമായ ആവശ്യങ്ങൾക്ക് ആരൊക്കെ എത്ര തവണവീതം ഏതൊക്കെ രാജ്യങ്ങൾ സന്ദർശിച്ചെന്നും വിശദമാക്കാമോ ?

ഉത്തരം

വിദേശയാത്രകൾ സംബന്ധിച്ച് ലഭ്യമായ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.* അന്തിമ മറുപടി ശേഖരിച്ച് നൽകുന്നതാണ്.

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly